(ബി) ഇനീഷ്യലിന്റെ വികസിത രൂപം രേഖപ്പെടുത്തുന്നതിന് നിലവിലുള്ള മാർഗ്ഗമെന്തെന്ന് വ്യക്തമാക്കാമോ;

(സി) ഇക്കാര്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇതുമായി ബന്ധപ്പെട്ട പരാതിയൊന്നുംതന്നെ ഇതുവരെ ലഭിച്ചിട്ടില്ലാത്തതിനാൽ ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിലവിലുള്ള സർട്ടിഫിക്കറ്റിൽ ഇനിഷ്യലിന്റെ വികസിത രൂപം രേഖപ്പെടുത്തുന്നതിന് പ്രത്യേക കോളം ഉൾപ്പെടുത്തിയിട്ടില്ല.

(സി) നിലവിൽ പരിഗണനയിലില്ല.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

134(1206) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 5 കോടി, 3 കോടി, 1 കോടി എന്നിങ്ങനെ ഭരണാനുമതി നൽകി പണി പൂർത്തീകരിയ്ക്കുന്നതിനായി ഏതെല്ലാം എസ്.പി.വി.കളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ആകെ എത്ര സ്കൂളുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും ഇതിൽ പണി തുടങ്ങുവാൻ കഴിഞ്ഞിട്ടുള്ളത് എത്ര സ്കൂളുകൾക്കാണെന്നും ഇതിനോടകംതന്നെ പണി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത് എത്ര സ്കൂളുകൾക്കാണെന്നുമുള്ള വിവരങ്ങൾ നൽകുമോ;

(സി) നാളിതുവരെ പണി ആരംഭിക്കുവാൻ കഴിയാത്ത സ്കൂളുകളുടെ വർക്ക് പി.ഡബ്ല്യൂ.ഡി.യെ ഏൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) 2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ അഞ്ച് കോടി രൂപയുടെ പദ്ധതിയിൽ 141 സ്കൂളുകളും 3 കോടി രൂപയുടെ പദ്ധതിയിൽ 96 സ്കൂളുകളുടെ എസ്.പി.വി.ആയി KITE-നെയും 3 കോടി രൂപയുടെ പദ്ധതിയിലുൾപ്പെട്ട 50 സ്കൂളുകളുടെ എസ്.പി.വി. ആയി WAPCOS ഉം,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

67 സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എസ്.പി.വി. ആയി ഇൻകെലിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. 2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 166 സ്കൂളുകൾക്ക് 3 കോടി കിഫ്ബി ധനസഹായത്തോടെയുള്ള നിർമ്മാണ പ്രവൃത്തികളുടെ എസ്.പി.വി.ആയി 'ഇൻകെലിനെയും', 500-നും 1000-നും ഇടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്കുള്ള 1 കോടി ധനസഹായത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് എസ്.പി.വി. ആയി കിലയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഭരണാനുമതി ലഭിച്ച സ്കൂളുകളുടെ എണ്ണം 141 (5 കോടി) + 220 (3 കോടി) + 166 (3 കോടി) + 446 ( 1 കോടി) = 973.

5 കോടി രൂപ കിഫ്ബി ധനസഹായത്തോടെ 141 സ്കൂളുകളിൽ നിർമ്മാണം ആരംഭിക്കുകയും അതിൽ 21 സ്കൂളുകളിൽ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 3 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് ഭരണാനുമതി ലഭിച്ച 213 സ്കൂളുകളിൽ 70 സ്കൂളുകളുടെ നിർമ്മാണം ആരംഭിക്കുകയും അതിൽ 11 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു.

(സി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം**

135(1207) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി 3 കോടി രൂപയുടെ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കിയ എറണാകുളം ജില്ലയിലെ സ്കൂളുകൾ ഏതെല്ലാമെന്ന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; പ്രസ്തുത സ്കൂളുകളിലെ നിർമ്മാണ പ്രവൃത്തികളുടെ നിജസ്ഥിതി എന്തെന്നും വ്യക്തമാക്കാമോ;

(ബി) 2-3-2019-ലെ പൊതുവിദ്യാഭ്യാസ(എം)വകുപ്പിന്റെ 836/2019 നമ്പർ ഉത്തരവുപ്രകാരം ഭരണാനുമതി ലഭിച്ച ചൊവ്വര ഗവ. എച്ച്.എസ്.എസിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വിശദമായ പ്രേജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന ഏജൻസി ഏതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 3 കോടി രൂപയുടെ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ എറണാകുളം